**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 185** **14-09-2023 - ൽ മറുപടിയ്ക്ക്**

**വ്യവസായ നയം 2023**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യവസായ നയം 2023 ന് അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി, സംസ്ഥാനത്തിന്റെ സാധ്യതകളും പരിമിതികളും തിരിച്ചറിഞ്ഞുകൊണ്ടും, ഒരു ബദൽ കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ച്, യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കിയ കേരള വ്യവസായ നയം, 2023 അംഗീകരിച്ച് 01.04.2023-ലെ സ.ഉ (കൈ) നം. 28/2023/ID നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) | കേരളത്തെ വ്യവസായങ്ങളുടെ പ്രധാന ഹബ്ബാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ വ്യവസായ നയം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | പരിസ്ഥിതി–സാമൂഹികം–ഭരണം അഥവാ ഇ.എസ്.ജി തത്ത്വങ്ങളിലൂന്നിയ നിക്ഷേപങ്ങൾക്കുള്ള ഹബ് ആയി കേരളത്തെ മാറ്റുക എന്നത് പുതിയ വ്യവസായ നയത്തിന്റെ ലക്ഷ്യങ്ങളിൽ ഒന്നാണ്. ഇ.എസ്.ജി നിക്ഷേപങ്ങളുടെ പ്രാധാന്യം തിരിച്ചറിയുകയും അതിലധിഷ്ഠിതമായ ഉത്തരവാദിത്തനിക്ഷേപങ്ങളെ സംസ്ഥാനത്ത് പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഇ.എസ്.ജി റേറ്റിംഗിനെ അടിസ്ഥാനമാക്കിയുള്ള നവീകരണവും ഹരിത വളർച്ചയും ആവിഷ്കരിക്കുന്നതിന് പ്രകടനത്തെ അടിസ്ഥാനമാക്കി വായ്പകളും പ്രോത്സാഹനങ്ങളും പുതിയ വ്യവസായ നയം വിഭാവനം ചെയ്യുന്നു. സുസ്ഥിരവ്യവസായ സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്ന സംരംഭകർക്ക് വേണ്ടി ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കാനും നയം ലക്ഷ്യമിടുന്നു. |
| (സി) | നിക്ഷേപങ്ങൾ വൻതോതിൽ ആകർഷിച്ചും നവീന ആശയങ്ങൾ വളർത്തിയും സുസ്ഥിര വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സഹായകമായ | (സി) | ഉണ്ട്. നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും നവീന ആശയങ്ങൾ വളർത്തുന്നതിനും അനുകൂലമായ സുസ്ഥിര വ്യാവസായിക അന്തരീക്ഷം |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾ വ്യവസായ നയം 2023 മുന്നോട്ടുവയ്ക്കുന്നുണ്ടോ; വിശദമാക്കാമോ; | | സൃഷ്ടിക്കുന്നതിനും പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് ദൃഢമായ ഒരു സംരംഭക ആവാസവ്യവസ്ഥ സംജാതമാക്കുക, ഉത്തരവാദിത്വ നിക്ഷേപങ്ങളേയും സുസ്ഥിര വ്യവസായ സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുക, പരമ്പരാഗത വ്യവസായങ്ങളെ നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ നവീകരിക്കുക, പുതുതലമുറ സംരംഭങ്ങൾക്ക് ആവശ്യമായ നൂതന അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക, സംരംഭങ്ങളെ പാരിസ്ഥിതിക, സാമൂഹിക, ഭരണ ഘടകങ്ങളിൽ ലോകോത്തര നിലവാരത്തിലേക്കുള്ള പരിവർത്തനത്തിന് പ്രാപ്തരാക്കുക, ഉൽപ്പന്നങ്ങൾക്ക് 'കേരള ബ്രാൻഡ്' ലേബലിൽ വിപണനം ചെയ്യുന്നതിന് സൗകര്യമൊരുക്കുക, ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിന് സഹായിക്കുക എന്നിവ പുതിയ വ്യവസായ നയത്തിൽ ലക്ഷ്യമിട്ടിരിക്കുന്നു. |
| (ഡി) | വ്യവസായ വിപ്ലവം 4.0 ഇന്ത്യയിൽ നടപ്പിലാക്കാൻ അനുയോജ്യമായ സ്ഥലം കേരളമാണ് എന്നത് കണക്കിലെടുത്ത് സൺറൈസ് വ്യവസായങ്ങൾക്ക് വലിയ ആനുകൂല്യങ്ങൾ വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | ഉണ്ട്.<br><br>അതിവേഗ വളർച്ചയുള്ള 'സൺറൈസ്' സംരംഭങ്ങളെ കൂടുതൽ ആകർഷിക്കുന്നതിനും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ടാണ് പുതിയ വ്യവസായ നയത്തിൽ സാമ്പത്തിക പ്രോത്സാഹനങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്. അപ്രകാരം, 'സൺറൈസ്'/ മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന സംരംഭങ്ങൾക്ക് വിഭാവനം ചെയ്തിരിക്കുന്ന സാമ്പത്തിക പ്രോത്സാഹനങ്ങൾ ഇവയാണ്;<br><br>1.സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക (4%) വായ്പകൾ ലഭ്യമാക്കൽ; (പലിശ സബ് വെൻഷനിലൂടെ)<br><br>2. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മൂലധന സബ്സിഡി ഇൻസെന്റീവ്;<br><br>3. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് 5 വർഷത്തേയ്ക്ക് 100% വൈദ്യുതി ഡ്യൂട്ടി ഒഴിവാക്കൽ;<br><br>4. എം. എസ്. എം. ഇ. സംരംഭങ്ങൾക്ക് പരമ്പരാഗത രീതിയിലുള്ള ധനസമാഹരണത്തിന് പുറമെ ഓഹരി വിപണനത്തിലൂടെ ധനസമാഹരണം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി, അത്തരം നടപടിക്രമങ്ങൾക്ക് ചിലവാകുന്ന തുകയുടെ 50% തുക, പരമാവധി 1 കോടി രൂപയിൽ കവിയാതെ തിരികെ നൽകൽ; |

5. വൻകിട, മെഗാ സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% നിക്ഷേപ സബ്സിഡി (പരമാവധി 10 കോടി രൂപ വരെ) ഘട്ടം ഘട്ടമായി അനുവദിക്കുക;

6. വൻകിട, മെഗാ സംരംഭങ്ങൾക്ക് 5 വർഷത്തേക്ക് മൂലധന നിക്ഷേപത്തിന് 100% സംസ്ഥാന ജി.എസ്.ടി റീ-ഇംബേഴ്സ്മെന്റ്;

7. വൻകിട, മെഗാ സംരംഭങ്ങൾക്ക് തൊഴിൽ വർദ്ധിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം;

8. സർക്കാർ വ്യവസായ പാർക്കുകളിലും, അംഗീകൃത സ്വകാര്യ വ്യവസായ പാർക്കുകളിലും നിർമ്മാണ വ്യവസായസ്ഥാപനങ്ങൾക്കുവേണ്ടി ഭൂമി വാങ്ങുകയോ പാട്ടത്തിന് എടുക്കുകയോ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ചാർജ്ജ് എന്നിവ പൂർണ്ണമായും ഒഴിവാക്കൽ;

9. സ്ത്രീ സംരംഭകർക്കും, പട്ടിക ജാതി/ പട്ടിക വിഭാഗത്തിലുള്ള സംരംഭകർക്കും സംസ്ഥാനത്തിന്റെ ഏത് ഭാഗത്തും നിർമ്മാണ വ്യവസായസ്ഥാപനങ്ങൾക്കുവേണ്ടി ഭൂമി വാങ്ങുകയോ പാട്ടത്തിന് എടുക്കുകയോ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ചാർജ്ജ് എന്നിവ പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള ശുപാർശ;

10 സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 3 കോടി രൂപ വരെ ധനസഹായം;

11. എല്ലാ വിഭാഗം സംരംഭങ്ങൾക്കും വ്യാപാരമേളകളിൽ പങ്കെടുക്കുന്നതിനും, ബൗദ്ധിക സ്വത്തവകാശം സൃഷ്ടിക്കുന്നതിനും, ഗുണനിലവാര സർട്ടിഫിക്കേഷൻ എടുക്കുന്നതിനും, സുസ്ഥിരതയ്ക്കും ഉത്തരവാദിത്ത വ്യവസായ വൽക്കരണത്തിനുമുള്ള പ്രോത്സാഹനങ്ങൾ;

12. ഉത്പാദനമേഖലയിലെ ഇൻഡസ്ട്രി 4.0 ഉദ്യമങ്ങൾക്കുള്ള പ്രോത്സാഹനം;

13. സംസ്ഥാനത്തെ സർവ്വകലാശാലകളുമായി ഗവേഷണവികസനത്തിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭങ്ങൾക്കായി ഗവേഷണവികസന പ്രോത്സാഹനം;

14. സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് കെ.എസ്.ഐ.ഡി.സി - യിലൂടെ ഒരു കോടി

| | | | |
|---|---|---|---|
| | | | രൂപവരെയുള്ള സ്കെയിൽഅപ്പ് വായ്പകൾ ലഭ്യമാക്കൽ;<br><br>15. 'മെയ്ഡ് ഇൻ കേരള' സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് ചെലവായ തുകയുടെ 50% റീ-ഇംബേഴ്സ്മെന്റ് നൽകൽ;<br><br>16. PLI നിക്ഷേപകരെ ആകർഷിക്കുന്നതിന് പ്രത്യേക പാക്കേജ്. |
| (ഇ) | വ്യവസായ വിപ്ലവം 4.0 ന്റെ ഭാഗമായി വേണ്ട സംവിധാനങ്ങൾ ഒരുക്കുന്നതിനായി നിർമ്മിത ബുദ്ധിയുപയോഗിച്ച് പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് ചെലവാക്കുന്ന തുകയുടെ നിശ്ചിത ശതമാനം തിരികെ നൽകുന്നതിനുള്ള പദ്ധതി വ്യവസായ നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | 2023 -ലെ കേരളാ വ്യവസായ നയത്തിൽ ഉൾപ്പെട്ടിട്ടുള്ള 22 മുൻഗണന മേഖലകളിൽ ഒന്നാണ് നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, മറ്റു ബ്രേക്ക് ത്രൂ സാങ്കേതിക വിദ്യകൾ എന്നിവ ഉൾപ്പെടുന്ന മേഖല. ഉൽപ്പാദന സംവിധാനങ്ങളേയും സമ്പദ് വ്യവസ്ഥകളെയും കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിന് ഈ മേഖലയ്ക്ക് കഴിവുണ്ട്. വ്യവസായങ്ങൾ ഭാഗികമോ പൂർണ്ണമോ ആയ ഓട്ടോമേഷനിലേക്ക് നീങ്ങുന്ന ഈ കാലഘട്ടത്തിൽ ഈ മേഖലയ്ക്ക് നിർണായക പങ്ക് വഹിക്കാൻ കഴിയുന്നതാണ്.<br><br>2023 -ലെ വ്യവസായ നയത്തിൽ ഉത്പാദനമേഖലയിലെ ഇൻഡസ്ട്രി 4.0 ഉദ്യമങ്ങൾക്കുള്ള പ്രോത്സാഹനമായി സോഫ്റ്റ് വയർ (ബിഗ് ഡാറ്റ അനലിറ്റിക്ക് ടൂൾസ്), മഷീനറി മുതലായവയുടെ വിലയുടെ 20% റീംഇംബെഴ്സ്മെന്റ് പരമാവധി 25 ലക്ഷം രൂപ വരെ നൽകുന്നതിനു വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ